# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1296

12.7.2011-ൽ മറുപടി
നൽകേണ്ടിയിരുന്നത്

### ശ്രീ.രതീപ് കുമാറിന്റെ മരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ് | | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) | |
| (എ) | തൃശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാവ് ശ്രീ.രതീപ് കുമാറിന്റെ മരണവുമായി ബന്ധപ്പെട്ട പോലീസ് കേസ്സിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; | (എ) | ശ്രീ.രതീപ് കുമാറിന്റെ തിരോധാനവുമായി ബന്ധപ്പെട്ട് ടിയാന്റെ മാതാപിതാക്കൾ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പുതുക്കാട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 190/2011/u/c മാൻ മിസ്സിംഗ് ആയി 9.03.2011-ാം തീയതി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചതിൽ നിന്നും ശ്രീ.രതീപ് കുമാർ പൊള്ളാച്ചിക്കടുത്തുള്ള പൂവാലപ്പെട്ടി എന്ന സ്ഥലത്തെ മെയിൻ കനാലിൽ കാൽ വഴുതി വീണ് ഒഴുകി പോയിട്ടുള്ളതായും, ടിയാനെ കണ്ടെത്തുവാൻ സാധ്യതയില്ലാത്തതിനാൽ 31.05.2011-ാം തീയതി അൺഡിറ്റക്റ്റഡ് ആയി തീർച്ച റിപ്പോർട്ട് തയ്യാറാക്കി അന്വേഷണം അവസാനിപ്പിക്കുകയും ചെയ്തു. |
| ബി) | കേസ്സന്വേഷണത്തിന്റെ പുരോഗതിക്ക് ഏതെങ്കിലും വിധത്തിലുള്ള തടസ്സം നിലനിൽക്കുന്നുണ്ടോ; | (ബി) യും (സി) യു | അന്വേഷണത്തിന്റെ പുരോഗതിക്ക് തടസ്സം നിലനിൽക്കുന്നില്ല. |
| സി) | ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ; | | |
| (ഡി) | കേസ്സന്വേഷണം സി.ബി.ഐ. പോലുള്ള ഏജൻസികളെ ഏല്പിക്കണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ഉണ്ടെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ ? | (ഇ ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ